## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.453** **22.07.2015 ന് മറുപടിയ്ക്ക്**

## ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്കുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>,, ടി.എൻ.പ്രതാപൻ<br>,, ഷാഫി പറമ്പിൽ<br>,, എം.പി.വിൻസെൻറ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്കുള്ള ധനസഹായ വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (ബി) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അമിത മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയിൽ നിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ–മയക്കുമരുന്നുകൾക്ക് അടിമകളായവരെ ലഹരിവിമുക്ത ചികിത്സയിലൂടെ വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ട് വരിക എന്നിവയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൂർണ്ണമായ മേൽനോട്ട ചുമതല സംസ്ഥാന എക്സൈസ് വകുപ്പിനാണ്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപന ചുമതല ബോധവൽക്കരണ വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണർക്കാണ്. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി അനുവദിക്കുന്ന തുകയിൽ നിന്നാണ് ധന സഹായം നൽകുന്നത്. സംസ്ഥാനതലത്തിലും, ജില്ലാതലങ്ങളിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനകൾക്ക് ശേഷം അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തി ധനസഹായം അനുവദിക്കുകയാണ് ചെയ്തുവരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ; | (സി) | സർക്കാർ – സർക്കാരിതര സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ലഹരി വിമുക്ത ചികിത്സ സംബന്ധിച്ച ചെലവുകൾക്കും ഇത്തരം സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരിവിമുക്ത ക്യാമ്പുകൾക്കമാണ് ഈ പദ്ധതി വഴി ധനസഹായം നൽകി വരുന്നത്. |
| (ഡി) | ധനസഹായം നൽകുവാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | ഈ പദ്ധതിയോട് അനുബന്ധിച്ച് പരിശോധനകൾ നടത്തി അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും മറ്റുമായി 29.10.2013-ലെ സ.ഉ.(സാധാ)നം.848/2013/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായും, കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറായും, സാമൂഹ്യനീതി ഡയറക്ടർ, ഒരു സാമൂഹ്യ പ്രവർത്തക അംഗങ്ങളായുള്ള സംസ്ഥാനതല സമിതിയും, ജില്ലാ കളക്ടർ ചെയർമാനായും, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും ജില്ലാ സാമൂഹ്യ നീതി ഡയറക്ടർ, ഒരു സന്നദ്ധ പ്രവർത്തകൻ എന്നിവർ അംഗമായിട്ടുള്ള ജില്ലാതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരിശോധനകൾ നടത്തുന്നതിനായി 23.08.2013 തീയതിയിലെ ജി.ഒ.(എം.എസ്)നം.147/2013/നി.വ പ്രകാരം ഇതിനായുള്ള മാനദണ്ഡം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും, സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്ക് ശേഷം 11 ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ആകെ 1,00,35,840 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പുതതായി ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Haira.V

**സെക്ഷൻ ഓഫീസർ**